പ്രാഥമിക വിദ്യാഭ്യാസം ലഭിക്കാത്തവർ

67 (2975) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രാഥമിക വിദ്യാഭ്യാസം നേടിയിട്ടില്ലാത്തവരുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ ; വിശദാംശം നൽകാമോ ;

(ബി) ആറ് വയസ്സായിട്ടും സ്കൂളുകളിൽ പ്രവേശനം നേടിയിട്ടില്ലാത്ത കുട്ടികളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ ;

(സി) സ്കൂളുകളിൽ പ്രവേശനം നേടിയശേഷം വിവിധ ക്ലാസ്സുകളിൽനിന്നും കൊഴിഞ്ഞുപോകുന്ന കുട്ടികളുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

മുഴുവൻ ഹൈസ്കൂളുകളിലും പ്ലസ്-ടു കോഴ്സ്

68 (2976) ശ്രീ. മോൻസ് ജോസഫ് :

ശ്രീ. റ്റി. യു. കുരുവിള :

ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വിദ്യാർത്ഥികളും രക്ഷിതാക്കളും ഇന്ന് അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സംസ്ഥാനത്തെ മുഴുവൻ ഹൈസ്കൂളുകളിലും അടുത്ത അദ്ധ്യയന വർഷം മുതൽ പ്ലസ്-ടു കോഴ്സ് അനുവദിക്കുമോ ; ഇതിലേക്കായി സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ ;

ഉത്തരം

ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല

LIBRARY ARCHIVES Kerala Legislative Assembly